ട്ടില്ല. സമലൈംഗികത അമേരിക്കൻ പൗരന്മാരുടെ മൗലികാവകാശങ്ങളിലൊന്നല്ല എന്നു മാത്രമാണു കോടതിവിധി.

സാക്ഷികളെ കിട്ടാൻ പ്രയാസമായതിനാൽ ലൈംഗികത സംബന്ധിച്ച കുററങ്ങൾ കോടതികളിലെത്തിച്ചു തെളിയിച്ചു ശിക്ഷിപ്പിക്കുക പ്രയാസമായിരിക്കും. പക്ഷേ, സമലൈംഗികർക്ക് എതിരായ പൊതുജനാഭിപ്രായം വളർത്താൻ സുപ്രീംകോടതിയുടെ ഈ വിധി ഉപകരിക്കാതിരിക്കുകയില്ല.

ഇതു ഗുണമായിരിക്കുമോ, ദോഷമായിരിക്കുമോ? ചില മുസ്ലീം രാജ്യങ്ങളിൽ ഇപ്പോഴും നടപ്പുള്ളതുപോലെ, പതിനേഴാം ശതകത്തിലെ അമേരിക്കയിൽ വ്യഭിചാരക്കുററം ചുമത്തപ്പെട്ട സ്ത്രീപുരുഷന്മാരെ പരസ്യമായി പ്രദർശിപ്പിച്ച് ചമ്മട്ടികൊണ്ട് അടിക്കുന്ന പതിവുണ്ടായിരുന്നു. ഈ പതിവ് പുനരുജ്ജീവിപ്പിക്കണമെന്ന് ഇപ്പോൾ അമേരിക്കയിൽ ആരും വാദിക്കുന്നില്ല. എന്നാൽ, എയ്ഡ്സ് ഭീതി വ്യാപകമായതിനെത്തുടർന്ന്, സമലൈംഗികരെപ്പിടിച്ച്, കൈയിൽ പച്ചകുത്തി കുഷ്ഠരോഗികളെപ്പോലെ അവരെ സമൂഹത്തിൽനിന്ന് അകററണമെന്ന നിർദേശം അമേരിക്കയിൽ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. കൂടുതൽക്കൂടുതൽ യാഥാസ്ഥിതികമായി മാറുകയാണ് റേയ്ഗന്റെ കീഴിൽ, അമേരിക്ക എന്നതും ശ്രദ്ധേയമാണ്.

ഇന്ത്യയിൽ നമ്മുടെ സമൂഹം അതിവേഗത്തിൽ മാറിക്കൊണ്ടിരിക്കുകയാണല്ലോ. ലൈംഗികബന്ധങ്ങളിൽ ഈ മാററം അഗാധമായി പ്രതിഫലിക്കുന്നു. പരമപ്രധാനമായ ഈ പ്രശ്നം സംബന്ധിച്ച് മററു രാജ്യങ്ങളുടെ നിലപാടുകളിൽ വന്നുകൊണ്ടിരിക്കുന്ന പരിവർത്തനം നാം മനസ്സിലാക്കുന്നതു നന്ന്.

> 'ഇതൊക്കെയും വിമശിർച്ചു.
> നീയിഷ്ടംപോലെ ചെയ്യുക'

എന്നതാണല്ലോ ഗീതയിൽ ഭഗവാന്റെ ഉപദേശം. അതേസമയം, സമലൈംഗികബന്ധങ്ങൾ ഇന്ത്യൻ ശിക്ഷാനിയമപ്രകാരം കുററങ്ങളാണെന്ന് മറക്കാതിരിക്കുന്നതും നന്ന്. എന്തിനു കോടതിയെ കിടപ്പുമുറിയിലേക്കു വിളിച്ചുകയററുന്നു?

(17 ആഗസ്റ്റ്, 1986)

# 84. ഡോക്ടറേ, എന്നെ ഒന്നു കൊന്നുതരാമോ?

'ഡോക്ടറേ, എന്നെ ഒന്നു കൊന്നുതരാമോ?' എന്ന് അപേക്ഷിക്കുന്ന രോഗികൾ കുറവായിരിക്കും. പക്ഷേ, ചില രോഗികളുടെ ആഗ്രഹം അതായിക്കൂടെന്നില്ല. അത്തരം സന്ദർഭങ്ങളിൽ ഒരു ഡോക്ടർ എന്തു ചെയ്യണം?

പടിഞ്ഞാറൻ ജർമനിയിൽ 'ചീംസേ' എന്ന സ്ഥലത്തെ ഒരു വിദഗ്ധ ഡോക്ടർ ആണ് പ്രൊഫസർ ജൂലിയസ് ഹാക്കെത്താൽ. അദ്ദേഹത്തിന്റെ ഒരു രോഗിണി ഡോക്ടർ ഹാക്കെത്താലിനോട് 'എന്നെ ഒന്നു കൊന്നുതരണേ!' എന്ന് അപേക്ഷിച്ചു. രോഗിണിക്ക് ഒരുഗ്ലാസ് വെള്ളത്തിൽ 'സയനൈഡ്' എന്ന വിഷം കലക്കിക്കൊടുക്കുവാൻ ഡോക്ടർ നിർദേശിച്ചു. രോഗിണിയുടെ ബന്ധുക്കൾ, ഡോക്ടർ പറഞ്ഞതുപോലെ ചെയ്തു. രോഗിണി ഉടൻ മരിക്കുകയും ചെയ്തു.

ഇതൊന്നും രഹസ്യമായിട്ടായിരുന്നില്ല. രോഗിണിയുടെ മരണത്തെ തുടർന്നു് ഡോക്ടർ ജൂലിയസ് ഹാക്കെത്താൽ ഒരു പ്രസ്താവന പ്രസിദ്ധീകരിച്ചു: 'ഒരു രോഗി വിഷം വേണമെന്നു് പരസ്യമായി അഭ്യർത്ഥിച്ചാൽ, അതു കൊടുക്കാൻ ഞാൻ ഒട്ടും ശങ്കിക്കുകയില്ല. പക്ഷേ, ഇക്കാര്യത്തെപ്പററി സമഗ്രമായി ആലോചിക്കാൻ ഏതാനും ആഴ്ച സമയം രോഗിക്കു കൊടുത്തശേഷമേ ഞാൻ വിഷത്തിനു കുറിച്ചു കൊടുക്കുകയുള്ളൂ' എന്നു് ഈ പ്രസ്താവനയിൽ ഡോക്ടർ ഹാക്കെത്താൽ തന്റെ നടപടിക്കു വിശദീകരണം നൽകി.

ഡോക്ടർ ഹാക്കെത്താൽ നിർദേശിച്ചതനുസരിച്ചു് സയനൈഡ് കഴിച്ചു ജീവൻ വെടിഞ്ഞ രോഗിണിക്കു് അറുപത്തൊമ്പതു വയസ്സായിരുന്നു. തലയോടിലും കൺതടങ്ങളിലും (ഐസോക്കററ്സ്) ക്യാൻസർ ആയിരുന്നു. ഈ സ്ത്രീയുടെ മാറാരോഗം. രോഗം അസാദ്ധ്യനിലയിൽ എത്തിയിരുന്നു. ദീർഘകാലചികിത്സ നിഷ്ഫലമായിത്തീർന്നിരുന്നു.

തനിക്കു 'മരണചികിത്സ' നല്ലി പരിചയമില്ലെന്നു് ഡോക്ടർ രോഗിണിയോടു പറഞ്ഞു. നാല്പതു് ഉറക്കഗുളികകളോ വിഷമോ; രണ്ടിലൊന്നു് ഡോക്ടർ നിർദേശിച്ചു. 'എന്തു തിന്നാലാണു് ചാവുമെന്നു് ഉറപ്പു്?' എന്നു് രോഗിണി ഡോക്ടറോടു ചോദിച്ചു. അങ്ങനെയാണു് സയനൈഡ് നിർദേശിക്കപ്പെട്ടതു്.

ജീവിക്കാനെന്നപോലെ മരിക്കാനും മനുഷ്യനു് അവകാശമുണ്ടോ? മാറാരോഗം പിടിപെട്ടു കഷ്ടപ്പെടുന്ന രോഗിയെ 'അനായാസേന മരണം' നേടുന്നതിൽ ഡോക്ടർ സഹായിക്കാമോ? രോഗിക്കു മരണമെന്ന അവസാന ചികിത്സ, ശാശ്വതവേദനാമോചനം, നല്കാൻ ഡോക്ടർക്കു് അധികാരമുണ്ടോ? തന്റെ രോഗിണിക്കു സയനൈഡ് നല്കുകവഴി, ജർമനിയിൽ ഈ വിവാദങ്ങളെല്ലാം പ്രൊഫസർ ജൂലിയസ് ഹാക്കെത്താൽ പുനരുജ്ജീവിപ്പിച്ചിട്ടുള്ളതായി 1984 മെയ് 20 ലെ 'ജർമൻ ട്രൈബ്യൂൺ' പത്രത്തിൽ ഉദ്ധരിച്ച ഒരു ലേഖനം പ്രസ്താവിക്കുന്നു.

പടിഞ്ഞാറേ ജർമനിയിലെ ഡോക്ടർമാരുടെ സംഘടനയുടെ പ്രസിഡണ്ടായ കാർസ്റ്റെൻ വിൽമർ പറഞ്ഞതു്, പ്രൊഫസർ ഹാക്കെത്താലിന്റെ നടപടി 'പ്രദർശനപരം' ആയിപ്പോയി എന്നാണു്. പത്രങ്ങളിൽ റിപ്പോർട്ടുചെയ്തിരുന്നതുപോലെതന്നെയാണു് പ്രൊഫസർ ഹാക്കെത്താൽ പ്രവർത്തിച്ചതെങ്കിൽ, അദ്ദേഹം ചെയ്തതു് മരിക്കാൻ ഒരാളെ 'സക്രിയമായി സഹായിക്കുക'യാണു്. അത്തരമൊരു പ്രവൃത്തി ഒരു ഡോക്ടർ ചെയ്യുന്നതു് വൈദ്യപ്രവൃത്തിക്കു് (മെഡിക്കൽ പ്രൊഫഷനു്) സ്വീകാര്യമല്ല. മരിക്കാൻ ഒരാളെ സക്രിയമായി സഹായിക്കുന്നതു് ഒരു ക്രിമിനൽ കുററമാണു്. ഡോക്ടർ അതു ചെയ്തുകൂടാ.

പ്രൊഫസർ ഹാക്കെത്താൽ രോഗിണിക്കു സയനൈഡ് നല്കിയ നടപടി 'ചികിത്സയോ ക്രൈസ്തവമോ' അല്ല എന്നാണു് ചീംസേയിലെ ഡോക്ടർമാരുടെ പ്രാദേശികസംഘടനയുടെ പ്രസിഡണ്ടു് പ്രൊഫസർ ഹോർസ്റ്റ് ബൗർമെർ പറഞ്ഞതു്. വേദന അകററുകയും മരണം തടയുകയുമാണു് ഡോക്ടറുടെ ചുമതല. മരണമെന്ന പ്രക്രിയയിൽ സഹായിക്കാൻ ഡോക്ടർക്കു് അധികാരമില്ല. മരിക്കാൻ ഒരാളെ സഹായിക്കുന്നതു കുററമാണു്. 'യൂത്തനേഷ്യ' (അചികിത്സ്യരോഗങ്ങളിൽ വേദന കൂടാതെ മരിക്കാൻ രോഗിയെ സഹായിക്കൽ) ഒരു കുററമായിത്തന്നെ തുടരണം. അതേസമയം, ഓക്സിജൻ സിലിൻഡർ മുതലായ ഉപകരണങ്ങൾ എടുത്തുമാററുന്നതുവഴി മരിക്കുവാൻ രോഗിയെ നിഷ്ക്രിയമായി സഹായിക്കുന്നതു് (പാസ്സീവ് അസിസ്റ്റൻസ്) ഡോക്ടർ തീരുമാനിക്കേണ്ട ഒരു കാര്യമാണു്. ജീവിതം ദീർഘിപ്പിക്കുന്നതിനു് സാദ്ധ്യ

മായതെല്ലാം ചെയ്യുകയാണ് ഡോക്ടറുടെ കർത്തവ്യമെന്നത്രേ മാർബുർഗിലെ ഡോക്ടർമാരുടെ സംഘടനയുടെ അദ്ധ്യക്ഷനായ ഡോക്ടർ യോർഗ്ഹോപ്പെയുടെ അഭിപ്രായം. മരിക്കാൻ ഒരാളെ സഹായിക്കുന്നതു് ഡോക്ടരുടെ ജോലിയല്ല. അതേസമയം, മനുഷ്യനു് 'അന്തസ്സോടെ മരിക്കുവാൻ' (ഡിഗ്നിഫൈഡ് ഡെത്ത്) അവകാശമുണ്ടു്. കത്തോലിക്ക—പ്രോട്ടസ്റ്റൻറ് സഭകളുടെ അഭിപ്രായവും ഇതുതന്നെയാണത്രെ.

പടിഞ്ഞാറേ ജർമനിയിൽ 'യൂത്തനേഷ്യ സൊസൈററി' എന്ന ഒരു സംഘടനയുണ്ടു്. ജീവിക്കാനെന്നപോലെ മരിക്കാനും മനുഷ്യനു് അവകാശം ഉണ്ടെന്നു് ഈ സംഘടന വാദിക്കുന്നു. മരിക്കാൻ രോഗിയെ ഡോക്ടർ സക്രിയമായി സഹായിക്കാമോ എന്ന പ്രശ്നം പ്രൊഫസർ ജൂലിയസ് ഹാക്കെത്താലിൻെറ പ്രവൃത്തിയിലൂടെ ഒരു നിർണായകഘട്ടത്തിലെത്തിയിരിക്കുന്നു എന്നാണു് യൂത്തനേഷ്യ സൊസൈററിയുടെ പ്രസിഡണ്ട് ഹെന്നിങ് അത്രോട്ട് പറയുന്നതു്. താൻ ജീവിക്കണമോ മരിക്കണമോ എന്ന തീരുമാനിക്കേണ്ടതു് രോഗിയാണു്. രോഗിയുടെ തീരുമാനമാണു്, ഡോക്ടരുടെ മനസ്സാക്ഷിയല്ല, ഇവിടെ മുഖ്യം.

രോഗിക്കു മരണചികിത്സ നൽകാമോ എന്ന പ്രശ്നം ദീർഘകാലമായി വൈദ്യശാസ്ത്രജ്ഞരുടെ ചിന്തയെ മഥിച്ചിട്ടുണ്ടു്. 'അന്തസ്സോടെ മരിക്കുന്നതിനുള്ള അവകാശം സ്ഥാപിക്കുവാനുള്ള സംഘടന' ബ്രിട്ടനിൽ പ്രവർത്തിച്ചുവരുന്നു. ഇവർ 'യൂത്തനേഷ്യ'യെപ്പററി ഒരു അന്താരാഷ്ട്രീയസമ്മേളനം 1980—ൽ ഓക്സ്ഫോർഡിൽ വിളിച്ചുകൂട്ടി. ആത്മഹത്യ ചെയ്യുന്നതു സംബന്ധിച്ച ഉപദേശങ്ങൾ അടങ്ങിയ 36 പേജുള്ള, ഒരു പുസ്തകം ഈ സംഘടന 1980 സെപ്തംബറിൽ പ്രസിദ്ധീകരിച്ചതു്, ഈ പ്രശ്നം സംബന്ധിച്ചു് അന്താരാഷ്ട്രീയ തലത്തിൽ വാദപ്രതിവാദങ്ങൾ ഉയർത്തി. ഒരു ആത്മഹത്യയിൽ സക്രിയമായി സഹായിച്ചു എന്ന കുററം ചുമത്തി ഈ സംഘടനയുടെ പ്രസിഡണ്ടിനു് 1981—ൽ ഒരു ബ്രിട്ടീഷ് കോടതി രണ്ടു വർഷത്തെ ജയിൽശിക്ഷ നൽകുകയും ഉണ്ടായി.

മരിക്കുവാനുള്ള വ്യക്തിയുടെ അവകാശത്തെ അനുകൂലിക്കുന്നവയും എതിർക്കുന്നവയുമായ സംഘടനകൾ ഫ്രാൻസിലുമുണ്ടു്. ഫ്രാൻസിലെ വെഴ്സെയ്ൽസ് നഗരത്തിലെ ഒരാസ്പത്രിയിൽവെച്ചു രണ്ടുകൊല്ലം മുമ്പു് 39 വയസ്സായ ഒരു പോലീസ്സുകാരൻ തൻെറ ഭാര്യയെ വെടിവെച്ചു കൊന്നു. ചികിത്സിച്ചു മാററാൻ കഴിയാത്ത ഒരു രോഗം ബാധിച്ചു കിടക്കുകയായിരുന്നു ഈ സ്ത്രീ. ഫ്രാൻസിൽ 'യൂത്തനേഷ്യ' ഒരു കുററമാണു്. എങ്കിലും, പബ്ലിക് പ്രോസിക്യൂട്ടർ പോലീസ്സുകാരനോടു സഹാനുഭാവം പ്രദർശിപ്പിക്കുകയും, അയാളെ കോടതി ശിക്ഷിക്കാതെ വിടുകയും ചെയ്തു.

'അന്തസ്സോടെ മരിക്കുക' എങ്ങനെയാണു്? തൻെറ രോഗം അചികിത്സ്യമാണെന്നു കണ്ടപ്പോൾ മരുന്നുമാത്രമല്ല, ഭക്ഷണവും, ജലപാനം പോലും ഉപേക്ഷിച്ചു മരണം സ്വയം വരിച്ച ആചാര്യ വിനോബാഭാവേ അടുത്തകാലത്തു് ഈ കാര്യത്തിൽ ഒരു മാതൃക നമ്മുടെ മുമ്പിൽ സമർപ്പിച്ചിട്ടുണ്ടു്. ജൈനമുനിമാരുടെ 'സല്ലേഖന' വ്രതമാണു മറെറാരു മാതൃക. ജീവിതത്തിൽ വിരക്തി തോന്നുമ്പോൾ ജൈനമുനിമാർ ഭക്ഷണം ഉപേക്ഷിക്കുന്നു; ജലപാനംകൂടി കൈവിടുന്നു. ധ്യാനത്തിൻേറതായ അവസ്ഥയിൽ അവർ ജീവിതത്തിൽനിന്നു മരണത്തിലേക്കു പ്രവേശിക്കുകയുംചെയ്യുന്നു. ഇവിടെയൊന്നും 'ആത്മഹത്യ'യുടെ പ്രശ്നമില്ല.

'എന്നെ ഒന്നു കൊന്നുതരാമോ ഡോക്ടർ?' എന്ന രോഗിയുടെ ചോദ്യം, പക്ഷേ, ഈ തലത്തിൽ ഉള്ളതല്ല. ഉറക്കഗുളികയോ, വിഷമോ നൽകി രോഗിയുടെ വേദന എന്നെന്നേക്കുമായി അവസാനിപ്പിക്കുന്ന

തിൽ സക്രിയമായി സഹായിക്കാൻ ഡോക്ടർക്ക് അധികാരമോ, കടമയോ ഉണ്ടോ എന്ന ചോദ്യം നിയമതലത്തിൽ ഉത്തരം കാണപ്പെടേണ്ടതാണ്.

(22 ജൂലൈ, 1984)

## 85. ദയാവധം

കവിടി പരത്തി പ്രശ്നംവെച്ചുനോക്കി ആളുകളുടെ മരണസമയം പ്രവചിച്ചിരുന്ന ഒരു ജ്യോത്സ്യനുണ്ടായിരുന്നു. ഇയാളുടെ അമ്മ രോഗബാധിതയായപ്പോൾ, ആ വൃദ്ധയുടെ മരണം എപ്പോൾ സംഭവിക്കുമെന്നു പറയാൻ ആളുകൾ ജ്യോത്സ്യനോട് ആവശ്യപ്പെട്ടു. ഈ പരീക്ഷണത്തിൽ നിന്ന് ഒഴിഞ്ഞുമാറാൻ പററാതെവന്നതിനാൽ ജ്യോത്സ്യൻ തന്റെ അമ്മയുടെ മരണസമയം പ്രവചിച്ചു. കൃത്യമായി ആ സമയത്തുതന്നെ അമ്മ മരിക്കുകയുംചെയ്തു. പ്രവചനം ഫലിച്ചതിൽ അഭിനന്ദനവുമായി വന്നവരോട് ജ്യോത്സ്യൻ പറഞ്ഞു: 'കാര്യമൊക്കെ ശരി. പക്ഷേ, അമ്മ മരിക്കാൻ കവിടിക്രിയയ്ക്കുപുറമേ അസാരം കൈക്രിയയും വേണ്ടിവന്നു.'

ബ്രിട്ടനിലെ രാജാവും ഇന്ത്യയുടെ ചക്രവത്തിയുമായിരുന്ന ജോർജ് അഞ്ചാമൻ മരിക്കാനും 'അസാരം കൈക്രിയ' വേണ്ടിവന്നു എന്ന് ഇപ്പോൾ പുറത്തുവന്നിട്ടുള്ള ചില പത്രവാർത്തകളിൽ കാണുന്നു. ചക്രവത്തിയെ ചികിത്സിച്ചിരുന്ന ഡോക്ടരുടെ ഡയറിയിൽ ഈ വിവരം രേഖപ്പെടുത്തിയിട്ടുണ്ടത്രേ. മാറാത്ത രോഗംകൊണ്ടു കഷ്ടപ്പെടുന്ന ചക്രവർത്തിയുടെ ജീവിതം നീട്ടിക്കൊണ്ടുപോകാൻ തങ്ങൾക്ക് ആഗ്രഹമില്ലെന്ന് പത്നി മേരീരാജ്ഞിയും മകൻ എഡ്വേർഡ് രാജകുമാരനും (ഇദ്ദേഹം പിന്നീട് ചക്രവത്തിയായി; സ്ഥാനത്യാഗംചെയ്ത് വിൻഡ്സർ പ്രഭുവായി ജീവിച്ചു.) പറഞ്ഞു. സിരയിൽ മോർഫിയ, കൊക്കെയ്ൻ എന്നീ മയക്കുമരുന്നുകൾ ഡോക്ടർ കുത്തിവെച്ചതിൻഫലമായി രോഗി 'അനായാസേന മരണം' നേടുകയുംചെയ്തു. മരണവാർത്ത ചൂടോടെ പ്രഭാതപത്രങ്ങളിൽ വരാൻ സമയം കണക്കാക്കിയാണത്രേ മരുന്നു കുത്തിവെച്ചതു്. ജോർജ് ചക്രവർത്തിയുടെ രണ്ടാമത്തെ മകനായ ജോർജ് ആറാമന്റെ മകളാണ് ഇപ്പോഴത്തെ ബ്രിട്ടീഷ് രാജ്ഞി എലിസബെത്ത്. അമ്പത്തൊന്നു വർഷം മുമ്പുനടന്ന ഈ സംഭവവുമായി ബന്ധപ്പെട്ടവർ ആരും ഇപ്പോൾ ജീവിച്ചിരിപ്പില്ലെന്നും, അതിനാൽ ഈ വാർത്ത തങ്ങൾ നിഷേധിക്കുകയോ, സ്ഥിരീകരിക്കുകയോചെയ്യുന്നില്ലെന്നും, രാജ്ഞിയുടെ പ്രസ് സിക്രട്ടറി പറഞ്ഞതായാണ് പത്രങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളതു്.

രോഗി രക്ഷപ്പെടുകയില്ലെന്നു തീർച്ചയായാൽ, വേദന ഒഴിവാക്കുന്നതിനുവേണ്ടി, മയക്കുമരുന്നുകൾ കുത്തിവയ്ക്കുന്നതിനെ 'ദയാവധം' (മെഴ്സി കില്ലിങ്) എന്നു പറയുന്നു. പരിഷ്കൃത രാജ്യങ്ങളിലെല്ലാം ഇന്നു നിലവിലുള്ള നിയമപ്രകാരം ശിക്ഷാർഹമായ കൊലക്കുററംതന്നെയാണ് ദയാവധം.

ദയാവധത്തെ 'ആക്ടീവ് യൂത്തനേഷ്യ' (സക്രിയമായ സുഖമരണം) എന്നു വിളിക്കുകയും, സ്വബുദ്ധിയോടെയിരിക്കെ രോഗി ആവശ്യപ്പെടുന്നപക്ഷം ഡോക്ടർ ദയാവധം നടത്തുന്നതു കുററമല്ലാതാക്കണമെന്നു വാദിക്കുകയുംചെയ്യുന്നവരുടെ അന്താരാഷ്ട്രീയസംഘടനയാണ് 'സൊസൈററി ഫോർ ദ റൈററ് ടു ഡൈ' (മരിക്കാനുള്ള അവകാശം നേടുന്ന